പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *81 — 25.01.2018- ൽ മറുപടിക്ക്

## ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ<br>,, കെ. ദാസൻ<br>,, എം. രാജഗോപാലൻ<br>,, എം. നൗഷാദ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച ആവാസ് പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിയിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 83000 (എൺപത്തിമൂവായിരം) ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ സമ്പദ്ഘടന പ്രതിസന്ധിയിലാക്കാൻ ശ്രമിക്കുന്ന ചില വർഗ്ഗീയ ശക്തികൾ ഇതര സംസ്ഥാന തൊഴിലാളികളെ ഭീതിപ്പെടുത്തി തിരിച്ചയയ്ക്കാൻ നടത്തിയ ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന ശുചിത്വ-ആരോഗ്യ പ്രശ്നങ്ങൾ, തൊഴിൽ ചൂഷണം എന്നിവ പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) നിലവിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ |

അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത / ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 03.08.2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുമുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരം ടി തൊഴിലാളികളുടെ തൊഴിലിടങ്ങളും വാസസ്ഥലങ്ങളും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ